സാങ്കേതിക പദാവലി

Alignment (അലൈൻമെന്റ്) - വാക്കുകളുടെയും ലൈനുകളുടെയും മറ്റും സ്ഥാനം ക്രമീകരിക്കുന്ന പ്രക്രിയ.

Animation (ആനിമേഷൻ) - നിശ്ചലചിത്രങ്ങൾ, രൂപങ്ങൾ,അക്ഷരങ്ങൾ ഇവയ്ക്ക് ചലനസ്വഭാവം നൽകൽ.

BIOS (Basic Input Output System - ബയോസ്) - കമ്പ്യൂട്ടർ സ്വിച്ചോൺ ചെയ്യുമ്പോൾ അത് എന്തുചെയ്യണമെന്നുള്ള നിർദേശങ്ങൾ.

Booting (ബൂട്ടിംഗ്) - കമ്പ്യൂട്ടർ സ്വിച്ചോൺ ചെയ്യുന്നതുമുതൽ പ്രവർത്തനസജ്ജമാകുന്നതുവരെ നടക്കുന്ന പ്രക്രിയ.

Browser (ബ്രൗസർ) - എച്ച്.ടി.എം.എൽ./വെബ് പേജുകൾ കാണാനുപയോഗിക്കുന്ന ആപ്ലിക്കേഷൻ

Brush Selection Tool (ബ്രഷ് സെലക്ഷൻ ടൂൾ) - ഗ്രാഫിക് സോഫ്റ്റ്‌വെയറുകളിൽ പല വലുപ്പത്തിലും തരത്തിലുമുള്ള ബ്രഷുകൾ തിരഞ്ഞെടുക്കുന്നതിനുള്ള ടൂൾ.

Bullet (ബുള്ളറ്റ്) - പ്രത്യേകം വരികളെ സൂചിപ്പിക്കാൻ നൽകുന്ന ഒരു അടയാളം.

BUS (ബസ്) - കമ്പ്യൂട്ടറിലെ ആശയവിനിമയ പാത.

<body> - ഉള്ളടക്കഭാഗത്തെ സൂചിപ്പിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

<bold> - ടെക്സ്റ്റ് ബോൾഡായി കാണിക്കാൻ നിർദേശിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

 - പുതിയ വരി തുടങ്ങാൻ നിർദേശിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

Calc (കാൽക്ക്) - ഓപ്പൺ ഓഫീസിൽ ലഭ്യമായ സ്പ്രെഡ്ഷീറ്റ് സോഫ്റ്റ്‌വെയർ.

Cell (സെൽ)- സ്പ്രെഡ്ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള ഏറ്റവും ചെറിയ യൂണിറ്റ് സ്ഥലം; ഓരോ നിരയും വരിയും സന്ധിക്കുന്ന കളങ്ങൾ.

Chat (ചാറ്റ്) - കമ്പ്യൂട്ടറുകളിലെ നെറ്റ്‌വർക്ക് സംവിധാനം ഉപയോഗിച്ച് പരസ്പരം തത്സമയ ആശയവിനിമയം നടത്താനുള്ള സംവിധാനം.

Clip art (ക്ളിപ് ആർട്ട്) : ഡോക്യുമെന്റിൽ ആവശ്യാനുസരണം ചേർക്കുവാൻ പാകത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള ലഘുചിത്രശേഖരം.

Collage (കൊളാഷ്) - പലതരം വസ്തുക്കളോ ചിത്രങ്ങളോ ഒട്ടിച്ചുചേർത്തുണ്ടാക്കുന്ന ഒറ്റച്ചിത്രം.

Compression (കമ്പ്രഷൻ) - കമ്പ്യൂട്ടറിനകത്തെ ഫയലുകളെ വലുപ്പം കുറച്ചുവച്ചിരിക്കുന്ന രീതി. ഇതിന് സിപ്പിങ് (Zipping) എന്നും പറയും.

Computer Language (കമ്പ്യൂട്ടർ ലാംഗ്വേജ്) - കമ്പ്യൂട്ടറും ഉപയോക്താവും തമ്മിൽ ആശയ വിനിമയം നടത്താനുള്ള ഭാഷ. ബേസിക്, കോബോൾ, ജാവ തുടങ്ങി വ്യത്യസ്ത കമ്പ്യൂട്ടർ ഭാഷകൾ ഉണ്ട്.

Computer Program (കമ്പ്യൂട്ടർ പ്രോഗ്രാം) - കമ്പ്യൂട്ടർ നിർദിഷ്ട ജോലി ചെയ്യുന്നതിന് ആവശ്യമായ നിർദേശ സംഹിത.

Copyright (പകർപ്പവകാശം) - ഒരു വ്യക്തിയോ ഒരു സ്ഥാപനമോ സൃഷ്ടിച്ച രചനകൾ, ചിത്രങ്ങൾ, വീഡിയോ ശകലങ്ങൾ, സോഫ്റ്റ്‌വെയറുകൾ തുടങ്ങിയ ഉത്പന്നങ്ങൾക്കുമേൽ സ്രഷ്ടാവിനുള്ള അവകാശങ്ങൾ. ഇവ മറ്റുള്ളവർ ദുരുപയോഗപ്പെടുത്തുന്നത് തടയുന്ന നിയമമാണ് പകർപ്പവകാശനിയമം.

Corel DRAW (കോറൽ ഡ്രോ) - വെക്ടർ ഡ്രോയിങ്ങിനുള്ള ഒരു ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ.

Cursor (കഴ്സർ) - സ്ക്രീനിൽ പ്രവർത്തനത്തിനുള്ള സ്ഥാനം കാണിക്കുന്ന അടയാളം.

DDR (ഡി.ഡി.ആർ.) - ഡബിൾ ഡേറ്റാ റേറ്റ്. കമ്പ്യൂട്ടർ മെമ്മറികൾ നിർമിക്കാനുപയോഗിക്കുന്ന ഒരു സാങ്കേതികവിദ്യ.

De compression (ഡി കമ്പ്രഷൻ) - കംപ്രസ് ചെയ്തിരിക്കുന്ന ഫയലുകളെ അതിന്റെ യഥാർത്ഥ വലുപ്പത്തിലാക്കുന്ന രീതി. ഇതിന് അൺസിപ്പിങ് (Unzipping) എന്നും പറയും.

Device Driver (ഡിവൈസ് ഡ്രൈവർ) - കമ്പ്യൂട്ടറുമായി ബന്ധിപ്പിച്ച് ഒരു അനുബന്ധഘടകം പ്രവർത്തിപ്പിക്കാൻ സഹായിക്കുന്ന പ്രോഗ്രാം. ഇത് കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്താൽ മാത്രമേ ആ ഘടകം പ്രവർത്തനസജ്ജമാകൂ.

Dialogue Box (ഡയലോഗ് ബോക്സ്) - കമ്പ്യൂട്ടർ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ തുടർന്ന് എന്താണ് ചെയ്യേണ്ടതെന്ന് കൃത്യമായ നിർദേശങ്ങൾ ചോദിച്ചുകൊണ്ട് അല്ലെങ്കിൽ പ്രവൃത്തികൾ ചൂണ്ടികാണിച്ചുകൊണ്ട് സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന ജാലകം.

Disk drive (ഡിസ്ക് ഡ്രൈവ്) - ഒരു ഡിസ്കിൽ നിന്നു വിവരങ്ങൾ വായിക്കാനും അതിലേക്ക് വിവരങ്ങൾ എഴുതാനും വേണ്ടി ഡിസ്ക് ഇട്ട് പ്രവർത്തിപ്പിക്കുന്ന ഉപകരണം.

Display Card (ഡിസ്പ്ലെ കാഡ്) - കമ്പ്യൂട്ടറിൽ നിന്നുള്ള വിവരങ്ങൾ മോണിട്ടറിലേക്ക് പകർന്നു കൊടുക്കാൻ സഹായിക്കുന്ന ഇലക്ട്രോണിക് സർക്യൂട്ടുകളടങ്ങിയ കാഡ്

Dpi - Dots Per Inch (ഡി.പി.ഐ) - അതിസൂക്ഷ്മ ബിന്ദുക്കളായി പ്രിന്റ് ചെയ്യപ്പെടുന്ന റാസ്റ്റർ ചിത്രങ്ങളിൽ ഒരിഞ്ച് സ്ഥലത്ത് എത്ര ഡോട്ടുകൾ പ്രിന്റ് ചെയ്യപ്പെടുന്നു എന്ന കണക്ക്. റെസല്യൂഷന്റെ ഒരു യൂണിറ്റ്.

DTP (Desk Top Publishing) - കമ്പ്യൂട്ടറിന്റെയും പ്രത്യേക സോഫ്റ്റ്‌വെയറിന്റെയും സഹായത്തോടെ പ്രസിദ്ധീകരണങ്ങൾ രൂപപ്പെടുത്തുകയും പ്രിന്റ് എടുക്കുകയും ചെയ്യുന്ന പ്രക്രിയ.

Esc Button (എസ്കേപ് ബട്ടൺ) - കീബോഡിന്റെ മുകളിലത്തെ വരിയിലെ ഇടത്തെ മൂലയ്ക്കുള്ള കീ.

Extension - ഫയലുകളെ തരംതിരിച്ചറിയാൻവേണ്ടി ഫയലിന്റെ പേരിൽ ഡോട്ട് (.) അടയാളത്തിനുശേഷം ചേർക്കുന്ന ഭാഗം.

Eye of Gnome (ഗ്നോംമിഴി) - ചിത്രങ്ങൾ കാണാൻ ഉപയോഗിക്കുന്ന ഗ്നു/ലിനക്സിലെ സോഫ്റ്റ്‌വെയർ.

FDD Connector (എഫ്.ഡി.ഡി. കണക്ടർ) - ഫ്ളോപ്പി ഡിസ്ക്ക് ഡ്രൈവിനെ മദർബോഡുമായി ബന്ധിപ്പിക്കുന്ന കേബിൾ.

File Manager (ഫയൽ മാനേജർ) - ഫയലുകളെ കൃത്യമായി സൂക്ഷിക്കുക, ആവശ്യമുള്ളപ്പോൾ കണ്ടെത്തുക, ഫയലുകൾക്ക് പേര് മാറ്റുക തുടങ്ങിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് ഓപ്പറേറ്റിങ് സിസ്റ്റത്തോടൊപ്പം സന്നിവേശിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ.

File roller (ഫയൽ റോളർ) - ഫയലുകൾ കമ്പ്രസ് ചെയ്യാനും ഡി-കമ്പ്രസ് ചെയ്യാനും വിൻഡോസിലുള്ള സോഫ്റ്റ്‌വെയർ.

Filtering (ഫിൽറ്ററിങ്) - ഒരു നിബന്ധനയ്ക്ക് വിധേയമായ രീതിയിൽ വിവരങ്ങളെ അരിച്ചെടുക്കൽ. സ്പ്രെഡ്ഷീറ്റിലെ ഒരു സൗകര്യം.

Format (ഫോർമാറ്റ്) - 1. ഒരു ഡോക്യുമെന്റിന്റെ കെട്ടും മട്ടും വേണ്ടവിധം ക്രമീകരിക്കുന്ന രീതി. 2. കമ്പ്യൂട്ടർ ഡിസ്ക്കുകളെ ട്രാക്കുകളും സെക്ടറുകളുമായി വിഭജിക്കുന്ന പ്രവർത്തനം.

Formula Bar (ഫോർമുല ബാർ) - സ്പ്രെഡ്ഷീറ്റിലെ സെല്ലുകളിൽ ചേർക്കേണ്ട വിവരങ്ങൾക്ക് അടിസ്ഥാനമായ സമവാക്യങ്ങൾ ടൈപ് ചെയ്യാനുള്ള മെനുവിലെ ഒരു ബോക്സ്.

Function Keys (ഫങ്ഷൻ കീസ്) - കമ്പ്യൂട്ടർ കീബോഡിലെ F1 മുതൽ F12 വരെയുള്ള കീകൾ. ആപ്ലിക്കേഷൻ പ്രോഗ്രാമുകളിൽ ഇവയ്ക്ക് പ്രത്യേക ധർമങ്ങളുണ്ട്. ഉദാഹരണമായി F1 കീ അമർത്തിയാൽ ഹെൽപ്പ് ലഭിക്കും.

<font> - ഫോണ്ട്, അവയുടെ വലുപ്പം, നിറം തുടങ്ങിയവ നിർദേശിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

Gradient Fill Tool (ഗ്രേഡിയന്റ് ഫിൽ ടൂൾ) - ഒരു നിറത്തിൽനിന്നു തുടങ്ങി മറ്റൊരുനിറത്തിൽ ചെന്നെത്തുന്ന തരത്തിൽ ചായം നിറയ്ക്കുന്നതിനുള്ള ടൂൾ.

Graphic (ഗ്രാഫിക്) - അക്ഷരരൂപത്തിലല്ലാതെ വിവരങ്ങൾ പ്രതിനിധാനംചെയ്യുന്ന ചിത്രങ്ങളും വരകളും.

GUI (Graphical User Interface) - ചിത്രരൂപേണയുള്ള കമ്പ്യൂട്ടർ സമ്പർക്ക രീതി.

HTML (Hyper Text Markup Language) - വെബ് പേജുകൾ നിർമിക്കാനുപയോഗിക്കുന്ന ഭാഷ.

HTML Editors - എച്ച്.ടി.എം.എൽ പേജ് നിർമാണം എളുപ്പമാക്കാൻ സഹായിക്കുന്ന സോഫ്റ്റ്‌വെയറുകൾ.

Hyperlink (ഹൈപ്പർലിങ്ക്) - ഒരു വെബ് പേജിൽ നിന്ന് മറ്റൊരു പേജ് തുറക്കുന്നതിനായി ഉപയോഗിക്കുന്ന സങ്കേതം.

Hyper text (ഹൈപ്പർടെക്സ്റ്റ്) - ടെക്സ്റ്റ് ഫയലുകളിൽ ലഭ്യമല്ലാത്ത Link, Bold, Italics തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ഫോർമാറ്റ്. എച്ച്.ടി.എം.എൽ ഫയലുകൾ ഹൈപ്പർടെക്സ്റ്റ് ആണ്.

<head> - ഹെഡ്സെക്ഷനെ സൂചിപ്പിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

<html> - ഫയലുകളുടെ ആരംഭത്തിൽ ചേർക്കുന്ന എച്ച്.ടി.എം.എൽ . ടാഗ്.

</html> - എച്ച്.ടി.എം.എൽ. ഫയലുകളുടെ അവസാനത്തിൽ ചേർക്കുന്ന ടാഗ്.

IDE Port (ഐഡിഇ പോർട്ട്) - ഹാർഡ് ഡിസ്ക്ക്, സി.ഡി. ഡ്രൈവ്, ഫ്ളോപ്പി ഡ്രൈവ് തുടങ്ങിയ ഘടകങ്ങൾ ഘടിപ്പിക്കാൻ സാധാരണയായി ഉപയോഗിക്കുന്ന മദർബോഡിലെ പോർട്ട്.

Image Viewer (ഇമേജ് വ്യൂവർ) - ചിത്രങ്ങൾ കാണാൻ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ

INKEY$ (ഇൻകീ ഡോളർ) - ബേസിക്ക് ഭാഷയിൽ ഉപയോഗിക്കുന്ന ഒരു നിർദേശം.

Interface Card (ഇന്റർഫേസ് കാഡ്) - കമ്പ്യൂട്ടറിൽ പ്രത്യേക ആവശ്യങ്ങൾക്കായി മദർബോഡിൽ ഘടിപ്പിക്കുന്ന കാഡ്. സൗണ്ട് കാഡ്, നെറ്റ്‌വർക്ക് കാഡ് തുടങ്ങിയവ ഉദാഹരണങ്ങളാണ്.

Interface Slot (ഇന്റർഫേസ് സ്ലോട്ട്) - ഇന്റർഫെയ്സ് കാഡുകൾ ഘടിപ്പിക്കാൻ മദർബോഡിലുള്ള സംവിധാനം.

<i> - ടെക്സ്റ്റ് ഇറ്റാലിക്സ് ആയി കാണിക്കാൻ നിർദേശിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

Jack (ജാക്ക്) - ഉപകരണങ്ങൾ കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുന്നതിന് വയറിന്റെ അഗ്രഭാഗത്ത് ഘടിപ്പിക്കുന്ന ക്ലിപ് പോലെയുള്ള ഭാഗം.

.jpg (ഡോട്ട് ജെപിജി) - ചിത്രങ്ങൾ ഉൾക്കൊള്ളുന്ന ഫയലിന്റെ എക്സ്റ്റൻഷൻ.

JPEG (ജെപെഗ്) - ചിത്രഫയലുകൾ സൂക്ഷിച്ചുവയ്ക്കാനുള്ള ഒരു ഫയൽ ഫോർമാറ്റ്.

Layer - പാളി; ചിത്രഫയലുകൾ നിർമ്മിക്കുമ്പോൾ ഉപയോഗിക്കാവുന്ന ഒരു സങ്കേതം.

Layer Box (ലെയർ ബോക്സ്) - ചിത്രഫയലുകളിലെ പാളികളെ സംബന്ധിച്ച വിവരങ്ങളുള്ള ഡയലോഗ്ബോക്സ്.

Layout (ലേ ഔട്ട്) - ഒരു പേജിന്റെ ആകെക്കൂടിയുള്ള രൂപകൽപ്പനയും അതിലെ അക്ഷരങ്ങളുടെയും ചിത്രങ്ങളുടെയും സ്ഥാനം നിർണ്ണയിക്കലും.

LEFT$( ) (ലെഫ്റ്റ് ഡോളർ) - ബേസിക്കിൽ സ്ട്രിങ്ങിന്റെ ഇടത്തേയറ്റത്തെ അക്ഷരം കാണാനുള്ള ഫങ്ഷൻ.

LEN ( ) (ലെൻ) - ബേസിക്കിൽ സ്ട്രിങ്ങിന്റെ വലുപ്പം കാണാനുള്ള ഫങ്ഷൻ.

LET (ലെറ്റ്) - ബേസിക്കിൽ ഒരു ചരത്തിൽ വില ആരോപിക്കുന്നതിനുവേണ്ടിയുള്ള നിർദേശം.

Linux (ലിനക്സ്) - ലിനസ് ടോർവാൾഡ്സ് എന്നയാൾ വികസിപ്പിച്ചെടുത്ത Kernel. റിച്ചാർഡ് സ്റ്റാൾമാൻ സ്ഥാപിച്ച ഫ്രീ സോഫ്റ്റ്‌വെയർ ഫൗണ്ടേഷൻ വികസിപ്പിച്ച GNU-ഉമായി ചേർത്ത് Gnu/Linux എന്ന സ്വതന്ത്ര ഓപ്പറേറ്റിങ് സിസ്റ്റമായി പ്രചാരംനേടി.

Login /Logon (ലോഗിൻ/ലോഗ് ഓൺ) - കമ്പ്യൂട്ടർ സംവിധാനങ്ങളിൽ അടയാളങ്ങൾ നൽകി പ്രവേശിക്കുന്ന രീതി.

Macro (മാക്രോ) - സാധാരണഗതിയിൽ പല നിർദേശങ്ങൾ ഉപയോഗിക്കേണ്ട ഒരു പ്രവൃത്തി അവയെല്ലാം ചേർത്ത് ഒറ്റ നിർദേശമാക്കി ഉപയോഗിക്കുന്ന രീതി.

Markup (മാർക്കപ്പ്) - നിർദേശങ്ങൾ പ്രത്യേക അടയാളങ്ങൾ (ഉദാ: ടാഗുകൾ) ഉപയോഗിച്ച് സൂചിപ്പിക്കുന്ന രീതി.

Maximise Button (മാക്സിമൈസ് ബട്ടൺ) - പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സോഫ്റ്റ്‌വെയർ പരമാവധി വലുപ്പത്തിൽ കാണിക്കുന്നതിനുള്ള ബട്ടൺ.

Media player (മീഡിയപ്ലെയർ) - ചലച്ചിത്രങ്ങൾ കാണാൻ സഹായിക്കുന്ന വിൻഡോസ് സോഫ്റ്റ്‌വെയർ.

Memory Slot (മെമ്മറി സ്ലോട്ട്) - മെമ്മറി കാഡുകൾ ഘടിപ്പിക്കാനായി മദർബോഡിലുള്ള ഘടകം.

Menu (മെനു) - ഒരു സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവിധ നിർദേശങ്ങൾ ക്രമീകരിച്ചിരിക്കുന്ന പട്ടിക.

Merge (മെർജ്) - സ്പ്രെഡ്ഷീറ്റിലെ രണ്ടോ അതിലധികമോ കളങ്ങൾ സംയോജിപ്പിക്കുന്ന പ്രക്രിയ.

MID$ ( ) (മിഡ് ഡോളർ) - ബേസിക്കിൽ സ്ട്രിങ്ങിന്റെ മധ്യത്തിലുള്ള അക്ഷരം കണ്ടെത്താനുള്ള ഫങ്ഷൻ.

Minimize Button (മിനിമൈസ് ബട്ടൺ) - പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സോഫ്റ്റ്‌വെയറോ ഫയലോ ചെറുതാക്കി ഐക്കൺ രൂപത്തിൽ ഇടുന്നതിനുള്ള ബട്ടൺ.

MOD (മോഡ്) - ബേസിക്കിൽ ശിഷ്ടം കാണാനുള്ള ഫങ്ഷൻ.

Modem (മോഡം) - കമ്പ്യൂട്ടറിൽനിന്നുള്ള വിവരങ്ങൾ ടെലിഫോൺ ലൈനിൽക്കൂടി അയയ്ക്കത്തക്ക വിധത്തിലേക്കും, മറിച്ചും, ആക്കിത്തീർക്കാനുപയോഗിക്കുന്ന ഒരു ഉപകരണം.

Mother Board (മദർബോഡ്) - കമ്പ്യൂട്ടറിലെ പ്രധാന സർക്യൂട്ട് ബോഡ്.

Move Tool (മൂവ് ടൂൾ) - ചിത്രത്തിന്റെ സ്ഥാനം മാറ്റാനുള്ള ടൂൾ.

Movie File (മൂവി ഫയൽ) - ചലനചിത്രങ്ങളുടെയോ, ചലച്ചിത്രങ്ങളുടെയോ ഫയലുകളെ പൊതുവെ വിളിക്കുന്ന പേര്.

Mplayer (എംപ്ലെയർ) - ചലച്ചിത്രങ്ങളുംമറ്റും കാണാൻ സഹായിക്കുന്ന ഗ്നു/ലിനക്സ് സോഫ്റ്റ്‌വെയർ.

Multi Media (മൾട്ടിമീഡിയ) - ശബ്ദവും ദൃശ്യവും ഉൾപ്പെടുത്താനുള്ള സാങ്കേതികവിദ്യ.

<marquee> - ഒരു ടെക്സ്റ്റിനെ പേജിലൂടെ ചലിപ്പിക്കാൻ നിർദേശിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

Network (നെറ്റ്‌വർക്ക്) - ഒന്നിലധികം കമ്പ്യൂട്ടറുകളുടെ ശൃംഖല.

Network Card (നെറ്റ്‌വർക്ക് കാഡ്) - നെറ്റ്‌വർക്ക് ചെയ്യാൻ കമ്പ്യൂട്ടറിൽ ഘടിപ്പിക്കുന്ന കാഡ്.

Nautilus (നോട്ടിലസ്)- ലിനക്സിൽ ഉപയോഗിക്കുന്ന ഫയൽ മാനേജർ.

Offline (ഓഫ്‌ലൈൻ) - ഇന്റർനെറ്റുമായി ബന്ധിപ്പിക്കാതിരിക്കുന്ന സമയം.

Output(ഔട്ട്പുട്ട്) - 1. അക്കങ്ങൾ, ലിപികൾ, ചിത്രങ്ങൾ, പ്രിന്റു ചെയ്ത പേജുകൾ, ശബ്ദം എന്നിങ്ങനെ കമ്പ്യൂട്ടറുകളിൽ നിന്ന് പുറത്തേക്കു ലഭിക്കുന്ന എന്തും. 2. അച്ചടിയായോ പ്രദർശനമായോ പുറത്തേക്കു കൊടുക്കുക.

Parallel Port (പാരലൽ പോർട്ട്) - കമ്പ്യൂട്ടറിനെ അനുബന്ധ ഉപകരണങ്ങളുമായി ഘടിപ്പിക്കാനുപയോഗിക്കുന്ന ഭാഗം. ഇത് വേഗതയോടെ വിവരങ്ങൾ കൈമാറാൻ സഹായിക്കുന്നു. സാധാരണയായി പ്രിന്റർ ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്നു.

Port (പോർട്ട്) - സിസ്റ്റം യൂണിറ്റിനകത്തും പുറത്തുമുള്ള വിവിധ ഘടകങ്ങളെയും ഉപകരണങ്ങളെയും ബന്ധിപ്പിക്കുന്നതിനുള്ള സംവിധാനം.

PPRINT : ബേസിക്ക് ഭാഷയിൽ ഔട്ട് പുട്ട് പ്രിന്ററിലേക്ക് കൊടുക്കുന്നതിനുള്ള നിർദേശം.

Presentation Software (പ്രസന്റേഷൻ സോഫ്റ്റ്‌വെയർ) - നമ്മുടെ ആശയങ്ങൾ ഒരു സദസ്സിനു മുന്നിൽ അവതരിപ്പിക്കാൻ സഹായിക്കുന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ. അവതരണത്തിൽ ചിത്രങ്ങൾ, വിവരണം, ഗ്രാഫുകൾ, പട്ടികകൾ, വീഡിയോ ശകലങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുള്ള സ്ലൈഡുകൾ തയാറാക്കാൻ ഇതു സഹായിക്കുന്നു.

Preview (പ്രിവ്യൂ): 1. ഒരു ഡയലോഗ് ബോക്സിലൂടെ ലഭ്യമാകുന്ന വിവിധ സൗകര്യങ്ങൾ സ്ലൈഡിലെ വിവരണം, ചിത്രം, വസ്തു എന്നിവയ്ക്കോ സ്ലൈഡിനു തന്നെയുമോ നൽകുമ്പോൾ എന്തുമാറ്റം സംഭവിക്കുമെന്ന് കാണാനും, അനുയോജ്യമായതേതെന്ന് തീരുമാനിച്ചുറപ്പിക്കാനും സഹായിക്കുന്ന സംവിധാനം. 2. പ്രിന്റുചെയ്യുമ്പോൾ എപ്രകാരമായിരിക്കും എന്നറിയാൻ ലിഖിതങ്ങളും ചിത്രങ്ങളും കമ്പ്യൂട്ടർ ദൃശ്യതലത്തിൽ പ്രദർശിപ്പിച്ച് കാണിക്കൽ.

Processor Socket (പ്രോസസർ സോക്കറ്റ്) - പ്രോസസർ പിടിപ്പിക്കാനായി മദർ ബോഡിലുള്ള ഒരു ഘടകം.

Programming Language (പ്രോഗ്രാമിങ് ലാംഗ്വേജ്) - ഒരു പ്രവൃത്തി ചെയ്യുന്നതിനോ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിനോ വേണ്ടി നിർദേശങ്ങളുടെ ഒരു പരമ്പര എഴുതിയുണ്ടാക്കാൻ സഹായിക്കുന്ന വാക്കുകളും ചിഹ്നങ്ങളും അവയെ സംയോജിപ്പിക്കാനുള്ള വ്യാകരണവും നിർദേശങ്ങളും അടങ്ങിയതാണ് പ്രോഗ്രാമിങ് ഭാഷ.

PSET (പി-സെറ്റ്) - ബേസിക്കിൽ, സ്ക്രീനിൽ ഒരു ബിന്ദു തെളിയിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന നിർദേശം.

<p> - പുതിയ ഖണ്ഡിക തുടങ്ങാൻ നിർദേശിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

.png - Portable Netwok Graphics (പിഎൻജി) - ചിത്രങ്ങൾ ഉൾക്കൊള്ളുന്ന ഫയലിന്റെ ഒരു എക്സ്റ്റൻഷൻ.

Questionnaire (ക്വസ്റ്റനെയർ) - സർവെ നടത്തുന്നതിനും മറ്റും ഉപയോഗിക്കുന്ന ചോദ്യാവലി.

Raster File (റാസ്റ്റർ ഫയൽ) - റാസ്റ്റർ ചിത്രങ്ങൾ സൂക്ഷിക്കുന്ന ഫയൽ.

Raster Image (റാസ്റ്റർ ഇമേജ്) - ചിത്രത്തിൽ ഓരോ ബിന്ദുവിന്റെയും നിറം രേഖപ്പെടുത്തി വയ്ക്കുന്ന തരത്തിൽ ചിത്രഫയൽ സൃഷ്ടിക്കുന്ന രീതി.

REM (റെം) - ബേസിക്കിൽ ഉള്ള ഒരു നിർദേശം.

RIGHT$( ) (റൈറ്റ് ഡോളർ) - ബേസിക്കിൽ സ്ട്രിങ്ങിന്റെ അവസാനത്തെ അക്ഷരം തിരഞ്ഞെടുക്കാനുള്ള നിർദേശം.

Rotation Scaling Tool (റൊട്ടേഷൻ സ്കെയിലിംങ് ടൂൾ) - ഗ്രാഫിക് സോഫ്റ്റ്‌വെയറിൽ സെലക്റ്റ് ചെയ്ത ചിത്രഭാഗം തിരിക്കുന്നതിനോ വലുപ്പവ്യത്യാസം വരുത്തുന്നതിനോ ഉള്ള ടൂൾ.

Save (സേവ്) - ഒരു വിവരമോ, പ്രോഗ്രാമോ, കമ്പ്യൂട്ടറിന്റെ ഹാർഡ് ഡിസ്ക്, ഫ്ളോപ്പി ഡിസ്ക്, സി.ഡി. എന്നിവയിലേതെങ്കിലുമൊരു സംഭരണമാധ്യമത്തിൽ ശേഖരിച്ച് നിലനിർത്തുന്ന പ്രക്രിയ.

Scanner (സ്കാനർ) - പേപ്പറിലുംമറ്റുമുള്ള ചിത്രങ്ങൾ കമ്പ്യൂട്ടറിലേക്ക് പകർത്താൻ സഹായിക്കുന്ന ഉപകരണം.

Scroll (സ്ക്രോൾ) - വിവരങ്ങൾ ഒരു സ്ക്രീനിൽ ഒതുങ്ങാതെവരുമ്പോൾ മുകളിലേക്കോ, താഴേക്കോ, വശങ്ങളിലേക്കോ ചലിപ്പിക്കൽ.

Search Engine (സെർച്ച് എഞ്ചിൻ) - നമുക്കാവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന വെബ്പേജുകൾ അന്വേഷിച്ച് കണ്ടെത്തുന്നതിനുള്ള ഒരു വെബ്സൈറ്റ്.

Select (സെലക്ട്) - കീബോഡ് അല്ലെങ്കിൽ മൗസ് ഉപയോഗിച്ച് സ്ക്രീനിലെ ഒരു നിശ്ചിത ഭാഗം തെരെഞ്ഞെടുക്കുന്ന പ്രക്രിയ.

Serial Port (സീരിയൽ പോർട്ട്) - കമ്പ്യൂട്ടറിന് അനുബന്ധ ഉപകരണങ്ങളുമായി വിവരങ്ങൾ കൈമാറാൻ ഉപകരിക്കുന്ന ഒരു ഉപാധി.

Short Cut (ഷോർട്ട്കട്ട്) - ചില പ്രവർത്തനങ്ങൾ എളുപ്പത്തിൽ ചെയ്യാനുള്ള സംവിധാനം.

Shut Down (ഷട്ട് ഡൗൺ) - കമ്പ്യൂട്ടറിന്റെ പ്രവർത്തനം നിർത്തുന്ന പ്രക്രിയ.

Slot (സ്ലോട്ട്) - സിസ്റ്റം യൂണിറ്റിൽ കാഡുകൾ ഘടിപ്പിക്കാനുള്ള സ്ഥലം.

SMPS (എസ്എംപിഎസ്) - Switched Mode Power Supply എന്നതിന്റെ ചുരുക്കം. കമ്പ്യൂട്ടറിനുള്ളിലുള്ള ഘടകങ്ങളിലേക്ക് വൈദ്യുതി നൽകുന്ന ഭാഗം.

Socket (സോക്കറ്റ്) - കമ്പ്യൂട്ടറിൽ ഏതെങ്കിലും ഘടകം ഘടിപ്പിക്കുവാനുള്ള സംവിധാനം.

Sort (സോർട്ട്) - അക്ഷരമാലാ ക്രമത്തിലോ മറ്റേതെങ്കിലും ക്രമമനുസരിച്ചോ വിവരങ്ങളെ ചിട്ടപ്പെടുത്തുക.

Sorting (സോർട്ടിങ്) - ഏതെങ്കിലും ക്രമത്തിൽ വേഡ്പ്രോസസറിലുംമറ്റും അക്ഷരങ്ങളും വാക്കുകളും ചിട്ടപ്പെടുത്തുന്ന രീതി.

Sound Card (സൗണ്ട്കാഡ്) - കമ്പ്യൂട്ടറിൽ നിന്നുള്ള വിവരങ്ങൾ ശബ്ദമാക്കി മാറ്റി സ്പീക്കറിലേക്ക് പകർന്നു കൊടുക്കാൻ സഹായിക്കുന്ന ഇലക്ട്രോണിക് സർക്യൂട്ടുകളടങ്ങിയ കാഡ്.

Statement Number (സ്റ്റേറ്റ്മെന്റ് നമ്പർ) - ബേസിക്ക് തുടങ്ങിയ ചില പ്രോഗ്രാമിങ് ഭാഷകളിൽ നിർദേശങ്ങളടങ്ങുന്ന വരികൾക്ക് നൽകുന്ന നമ്പർ.

Storyboard (സ്റ്റോറിബോഡ്) - ഒരു പ്രസന്റേഷൻ തയാറാക്കുന്നതിനുമുമ്പ് അതെങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ചുള്ള രൂപകല്പന.

String Function (സ്ട്രിങ് ഫങ്ഷൻ) - പ്രോഗ്രാമിങ് ഭാഷകളിൽ സ്ട്രിങ്ങുകളെ കൈകാര്യംചെയ്യാൻ ഉപയോഗിക്കുന്ന ഫങ്ഷനുകൾ.

Style (സ്റ്റൈൽ) - അക്ഷരങ്ങളുടെയോ, ഖണ്ഡികയുടെയോ, പേജിന്റെയോ സ്വഭാവം ഒരൊറ്റ നിർദേശം കൊണ്ട് പൂർണ്ണമായി നിയന്ത്രിക്കാൻ സഹായിക്കുന്ന ഒരു സംവിധാനം

Tab (ടാബ്) - 1. വാക്കുകൾ ടൈപ്പ് ചെയ്യുന്നതിനിടയിൽ കഴ്സർ ഒരു നിശ്ചിത സ്ഥാനത്തേക്ക് നീക്കാനുള്ള സംവിധാനം. ചെറിയ പട്ടികകൾ തയ്യാറാക്കാനും മറ്റും ഇത് സഹായകമാണ്. 2. മേൽപ്പറഞ്ഞ രീതിയിൽ വാക്കുകൾക്കിടയിൽ നൽകിയിരിക്കുന്ന ഇടം. 3. ചില ഡയലോഗ് ബോക്സുകളിൽ ഒന്നിലധികം കാര്യങ്ങൾ ക്രമീകരിക്കാനുള്ള സൗകര്യത്തിനായി നൽകിയിരിക്കുന്ന സംവിധാനം. (ഉദാ: വേഡ്പ്രോസസിലെ Paragraph ഡയലോഗ്ബോക്സ്.)

Tag (ടാഗ്) - എച്ച്.ടി.എം.എൽ-ലിൽ വിവിധ കാര്യങ്ങൾ നിർദേശിക്കുന്ന സംവിധാനം.

Task Bar (ടാസ്ക് ബാർ) - സാധാരണമായി വിൻഡോയുടെ താഴ്ഭാഗത്ത് കാണപ്പെടുന്ന ഭാഗം. സ്റ്റാർട്ട് ബട്ടൺ, സമയം തുടങ്ങിയവ ടാസ്ക് ബാറിലാണ് കാണപ്പെടുന്നത്.

Template (ടെംപ്ലേറ്റ്) - മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള മാതൃകാ സ്റ്റൈഡ്.

TCP / IP (ടി.സി.പി./ഐ.പി) - നെറ്റ്‌വർക്കുകളിൽ ഉപയോഗിക്കുന്ന ഒരു നിയമാവലി.

Text Box (ടെക്സ്റ്റ് ബോക്സ്) - ടെക്സ്റ്റുകൾ ടൈപ്പുചെയ്യുന്നതിനുള്ള ബോക്സ് രൂപത്തിലുള്ള ഒരു സൗകര്യം.

THEN - ബേസിക്കിൽ IFനോട് കൂടി കൊടുത്തിരിക്കുന്ന നിബന്ധന ശരിയാണെങ്കിൽ എന്തു ചെയ്യണം എന്നു പറയാൻ ഇത് ഉപയോഗിക്കുന്നു.

Toolbar (ടൂൾബാർ) - ഒരു സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളുന്ന ഫങ്ഷനുകൾ കാണത്തക്കരീതിയിൽ ചെറു ചിത്രങ്ങളോടുകൂടി ക്രമീകരിച്ചിരിക്കുന്ന ബാർ.

Trash (ട്രാഷ്) - ആവശ്യമില്ലാത്ത ഫയലുകളും ഫോൾഡറുകളും സൂക്ഷിക്കാൻ ഗ്നു/ലിനക്സ് ഓപ്പറേറ്റിങ് സിസ്റ്റത്തിൽ ഉള്ള സ്ഥലം.

TV Tuner Card (ടി.വി. ട്യൂണർകാഡ്) - കമ്പ്യൂട്ടറിൽ ടെലിവിഷൻ പ്രോഗ്രാമുകൾ കാണാൻ സഹായിക്കുന്ന ഇലക്ട്രോണിക് സർക്യൂട്ടുകളടങ്ങിയ കാഡ്.

<table> - വിവരങ്ങളെ പട്ടികകളായി കാണിക്കാൻ സഹായിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

.tar.gz - കമ്പ്രസ് ചെയ്തിരിക്കുന്ന ഫയലിന്റെ ഒരു എക്സ്റ്റൻഷൻ.

<td> - ടേബിളിൽ ഒരു പുതിയ നിര തുടങ്ങാൻ നിർദേശിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

.tif (Tagged Image File Format - ടിഫ്) - ചിത്രങ്ങൾ ഉൾക്കൊള്ളുന്ന ഫയലിന്റെ ഒരു എക്സ്റ്റൻഷൻ.

<title> - ബ്രൗസറിന്റെ ടൈറ്റിൽ എന്തായിരിക്കണമെന്ന് നിർദേശിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

<tr> - ഒരു ടേബിളിനകത്ത് പുതിയ വരി തുടങ്ങാൻ നിർദേശിക്കുന്ന എച്ച്.ടി.എം.എൽ. ടാഗ്.

Unzipping (അൺസിപ്പിങ്) - De compression നോക്കുക.

USB Port - (Universal Serial Bus Port - യു.എസ്.ബി. പോർട്ട്) - കമ്പ്യൂട്ടറുമായി അനുബന്ധ ഉപകരണങ്ങൾ ഘടിപ്പിക്കാനുള്ള ഒരു ഉപാധി.

Utility (യൂട്ടിലിറ്റി) - ചില പ്രത്യേക പ്രവൃത്തികൾ ചെയ്യാനുള്ള ചെറിയ ആപ്ലിക്കേഷനുകൾക്ക് പൊതുവായി പറയുന്ന പേര് (ഉദാ: കാൽക്കുലേറ്റർ, പ്ലെയറുകൾ)

Vector File (വെക്ടർ ഫയൽ) - വെക്ടർ ചിത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഫയൽ.

Vector Image (വെക്ടർ ഇമേജ്) - ചതുരങ്ങൾ, വൃത്തങ്ങൾ, മറ്റു ജ്യാമിതീയരൂപങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് നിർമ്മിക്കുന്ന ചിത്രഫയൽ.

w3c/wwwc - വേൾഡ് വൈഡ് വെബ്ബുയുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്ന അധികൃതർ.

Watermark (വാട്ടർമാർക്ക്) - പശ്ചാത്തലത്തിൽ മങ്ങിയരീതിയിൽ സന്നിവേശിപ്പിച്ചിട്ടുള്ള ചിത്രം.

Web browser (വെബ് ബ്രൗസർ) - എച്ച്.ടി.എം.എൽ. വെബ് പേജുകൾ കാണാൻ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ.

Windows Explorer (വിൻഡോസ് എക്സ്പ്ലോറർ) - വിൻഡോസിൽ ഉപയോഗിക്കുന്ന ഫയൽ മാനേജർ.

XCF (എക്സ്.സി.എഫ്.) - ചിത്രഫയലുകൾ സൂക്ഷിക്കാൻ ജിമ്പിൽ ഉപയോഗിക്കുന്ന ഫോർമാറ്റ്.

Xmms (എക്സ്.എം.എം.എസ്.) - ശബ്ദങ്ങൾ കേൾക്കാൻ സഹായിക്കുന്ന ഗ്നു/ലിനക്സ് സോഫ്റ്റ്‌വെയർ.

Zip (സിപ്പ്) - ഒരു ഫയലിന്റെ വലുപ്പം കുറയ്ക്കുക (Compression കാണുക)

Zipping (സിപ്പിങ്) - Compression കാണുക.

Zoom (സൂം) - സ്ക്രീനിൽ ചിത്രമോ അക്ഷരങ്ങളോ വലുതായോ ചെറുതായോ കാണിക്കുക; അപ്രകാരം ചെയ്യാനുള്ള നിർദേശം.

.zip (സിപ്പ്) - കമ്പ്രസ് ചെയ്തിരിക്കുന്ന ഒരു ഫയലിന്റെ എക്സ്റ്റൻഷൻ.